

# സ്ത്രീ
# സ്വത്വം
# ആവിഷ്കാരം

എഡിറ്റർ:
ഡോ. സിജു കെ. ഡി.

**Sthree: Swathwam, Avishkaram**
*By: Dr. Siju K.D.*

Malayalam Studies

Published by:-
**FEMINGO BOOKS**
femingobooks@gmail.com
Ph: 90740 98776, 8301034604

*Cover Pic :*
*Dr. Lal Renjith*

*Cover Design:*
*Maxlab*

*Copyright:*
*Femingo Books*

Printed in India
at Max

Edition:
First Editon January 2024

Price: Rs. 390

ISBN: 978-81-19940-90-5

---

*No part of this book's content shall be used in any format without prior permission from the publishers. Copyright material. All right reserved to Femingo Books, Maxlive Media Solutions Pvt Ltd*

## ഉള്ളടക്കം

ആമുഖം

1. അജ്ഞാതവാസം കഴിഞ്ഞ് ഒരു എഴുത്തുകാരി
   ഡോ. രാജേന്ദ്രൻ എടത്തുംകര
2. കാലത്തിന്റെ താളമറിയാതെ കടലിന്റെ ആഴങ്ങളിലേക്ക്
   ഡോ. പ്രിൻസ് മോൻ ജോസ്
3. കാലം കേവലം ഒരകലമാണ്
   ഡോ. സിബി കുര്യൻ
4. സാലഭഞ്ജിക മുതൽ ഭാരതമാത വരെ
   ചിത്രകലയിലെ സ്ത്രീരൂപങ്ങൾ: ഒരു പഠനം
   ഡോ. ലാൽ രഞ്ജിത്
5. കലാകാരിയുടെ ജീവിതമെഴുത്ത്
   ഡോ. സുനിൽ ജോസ്
6. വർത്തമാന കേരളചിത്രകലയിലെ സ്ത്രീസാന്നിദ്ധ്യം:
   ശ്രീജ പള്ളത്തിന്റെ ചിത്രകലാജീവിതത്തിലൂടെ
   അഭിലാഷ് തിരുവോത്ത്
7. മലയാള ടെലിവിഷൻ പരമ്പരകളിലെ സ്ത്രീ
   ഡോ. അനുസ്മിത എൻ.
8. ദൃശ്യമാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യവും പ്രതിനിധാനവും
   ഡോ. ഹസ്കറലി ഇ. സി.
9. ആത്മാന്വേഷണത്തിന്റെ ചലച്ചിത്രകാരി
   ശ്രീജ ശ്രീധരൻ
10. കുടുംബകഥ: പെൺസംവിധാനം
    നവീന വിജയൻ
11. മലയാളസിനിമയിലെ 'തന്തക്ക് പിറന്ന ആണുങ്ങൾ'
    ഡോ. മുഹമ്മദ്റാഫി എൻ. വി.

# 11

# മലയാള സിനിമയിലെ തന്തക്ക് പിറന്ന ആണുങ്ങൾ

മുഹമ്മദ്റാഫി എൻ വി

എൺപതുകളുടെ അവസാനമായപ്പോഴേക്കും മലയാള സിനിമയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ തന്തക്കു പിറന്ന ആണത്തനായകൻമാരെ സാമാന്യമായി അപഗ്രഥിക്കാനും അവരുടെ മേൽ കെട്ടിയേൽപ്പിക്കപ്പെട്ട മാസ്കുലിനിറ്റിയുടെ ആവരണങ്ങളും പെണ്ണത്തം എങ്ങനെ രൂപപ്പെട്ടുവരണം എന്ന സിനിമാനുഭൂതി ഭാവനയും പരിശോധിക്കാനുമാണ് ഈ പഠനം ശ്രമിക്കുന്നത്. നവോത്ഥാനത്തിന്റെയും ആധുനികതയുടെയും പൂർവ്വദശകളിൽ മലയാള സിനിമയുടെ പൊതു സ്വഭാവം കുടുംബിനിയെ കുലസ്ത്രീയായി ഉറപ്പിച്ച് പാട്രിയാർക്കൽ ഘടനയിലേക്ക് അവളെ വിവർത്തനം ചെയ്തെടുക്കുകയായിരുന്നു. 'നീ പെണ്ണാണ്, വെറും പെണ്ണ്!' എന്നായിരുന്നു പൊതുവെ ഈ കാറ്റഗറി സിനിമയുടെ മുദ്രാവാക്യം. ജൻമനാ അബലയും ചപലയും പരസഹായമാവശ്യമുള്ളവളും എന്നതായിരുന്നു ഇത്തരം സിനിമകളിലെ അന്തർധാര. സംരക്ഷിപ്പെടേണ്ടവളും 'രക്ഷിതാവ്' ആവശ്യമുള്ളവളും എത്ര തന്റേടമുള്ളവളായാലും 'തന്റേടമുള്ള' ആണിന്റെ കരവലയത്തിനുള്ളിൽ കീഴടക്കപ്പെടാവുന്നവളുമെല്ലാമായിരുന്നു പെണ്ണ്.

മഹായാന(1989, ലോഹിതദാസ്, ജോഷി)ത്തിലെ നായകൻ മമ്മൂട്ടിയുടെ ചന്ദ്രു എന്ന പരുക്കനും തന്റേടിയുമായ പുരുഷനാണ് തന്റെ നേരെ ആവശ്യമില്ലാത്ത ഒരു നോട്ടം നോക്കുന്നവനെ മാത്രമല്ല, അനാവശ്യം പറയുന്ന നാട്ടിലെ മുതലാളി കൊച്ചുവാവക്കിക്കു നേരെ പോലും വെട്ടുകത്തിയെടുക്കാൻ മടിക്കാത്ത രാജ

മ്മയെ ചന്ദ്രു എന്ന പരുക്കൻ പൗരുഷം' കീഴടക്കുന്നതാണ് മഹായാനത്തിലെ ഇതിവൃത്തം എന്നു പറയാം. അലവലാതിയും ഒരു പണിയുമെടുക്കാതെ കള്ളുകുടിച്ച് നടക്കുന്നവനായ ഗോവിന്ദൻകുട്ടി രാജമ്മയോട് പറയുന്നത് 'പെണ്ണുങ്ങളായാൽ നിലക്ക് നിക്കണം' എന്നാണ്. തന്നെ അനാവശ്യം പറഞ്ഞ ഗോവിന്ദൻകുട്ടിയെ തല്ലുകയും അവനോട് കലഹിക്കുകയും ചെയ്യുന്ന രാജമ്മയോട് ചന്ദ്രു പറയുന്നത് 'നാവടക്കെടി' എന്നാണ്. പിന്നെ അയാൾ അവിടെ നിന്ന് കൂട്ടിച്ചേർക്കുന്നു: 'നാട്ടുകാര്ടെ കുഴപ്പാ, ചുണേള്ള ആമ്പിള്ളാര് നാട്ടിലില്ലാഞ്ഞിട്ടാ, അല്ലെങ്കിൽ നാഭിക്കിട്ടൊരു ചവിട്ടു കൊടുത്താൽ പിന്നെ മിണ്ടില്ല.'

കള്ളുഷാപ്പിൽ വെച്ച് അയാളെ പരിഹസിക്കുന്നവരോട് അയാൾ പറയുന്നു: 'മൂക്കിനു താഴെ രോമം കിളിർത്തതു കൊണ്ടു മാത്രം ആണാവില്ല, അതിനു ചങ്കൂറ്റം വേണം'

അതു പറഞ്ഞ് അയാൾ നേരെ പോവുന്നത് രാജമ്മ താമസിക്കുന്നിടത്തേക്കാണ്. അവിടെ അതിക്രമിച്ചു കയറി, കൊടുവാളുമായി നിൽക്കുന്ന രാജമ്മയുടെ കൈ പിടിച്ച് ഞെരിച്ച് താഴ്ത്തി അവളുടെ ചുണ്ടു മുറിച്ച് തള്ളി മാറ്റിയ ശേഷം നായകൻ പ്രസ്താവിക്കുന്നു: 'ആണൊന്നു വാരിപ്പിടിച്ചാ തളർന്നു പോവുന്ന പെണ്ണാണു നീ, വെളച്ചിലെന്റടുത്തു വേണ്ട'

നാട്ടിലെ മുതലാളി അയാൾക്ക് 'ചുണക്കുട്ടി' എന്ന സർട്ടിഫിക്കറ്റും കൊടുക്കുന്നുണ്ട്. രാജമ്മയുടെ ശരീരം ആഗ്രഹിച്ചും അത് ലഭിക്കാതെ നിരാശപ്പെട്ടും കഴിയുന്ന നാട്ടിലെ പുരുഷൻമാർക്കൊക്കെ തൃപ്തികരവും അസൂയാവഹവുമായ ഒരു കീഴ്പ്പെടുത്തലായിരുന്നു അത്. പൗരുഷത്തിന്റെ ആക്രമകമായ ഈ കീഴ്പ്പെടുത്തൽ സ്ത്രീയുടെ സ്വയം നിർണ്ണയത്തിനും തന്റെ ശരീരത്തിന്റെ ഉടമസ്ഥാവകാശത്തിന്നും നേരെയുള്ള അധിനിവേശത്തിന്റെ രൂപത്തിലുള്ള മലയാള പൗരുഷ തിരശ്ശീലാ നാടകഭാവനയുടെ ഉത്തമ ദൃഷ്ടാന്തമാണ്.

യഥാർത്ഥ ആണായി ജീവിക്കാൻ അയാൾ എടുത്തണിയുന്ന കുറെ അമിതഭാരങ്ങൾ അയാളുടെ ചലനങ്ങളിലും മുരൾച്ചയിലും മറ്റുള്ളവരോടുള്ള ഇടപെടലുകളിലുമെല്ലാമുണ്ട്. അയാൾ തന്നിൽ തന്നെ ഉറപ്പിച്ചെടുക്കാൻ, കാത്തു സംരക്ഷിക്കാൻ പാടുപെടുന്ന ശ്രമങ്ങളും നിരീക്ഷിച്ചാൽ ഇത് എളുപ്പം ബോധ്യപ്പെടും. എന്തൊക്കെയാണത്? സങ്കടം, കരച്ചിൽ, പേടി, ചിരി, സമഭാവന, സംസാരം, സൗഹൃദം തുടങ്ങിയവയൊന്നും അയാൾക്കില്ല. മറ്റൊരർത്ഥത്തിൽ

അയാൾ അതൊന്നും പ്രകടിപ്പിക്കുന്നില്ല. കാരണം, ഇത്യാദി വികാരവിചാരങ്ങൾ ദുർബലരുടെയും ലിംഗപദവിയിൽ കീഴാളനില കൈക്കൊള്ളുന്നവരുടെതുമാണ്. ആണുങ്ങൾ അരോഗദൃഢഗാത്രരും ഉച്ചസ്വരമുള്ളവരും ധീരരുമാണ്. ധീരരാരും തളരില്ലെന്ന മുൻധാരണയാൽ ജൈവികമായി ആണാണെങ്കിൽ ഇത്തരം മാനുഷികവികാരങ്ങൾ പ്രകടിപ്പിക്കാൻ ചിലപ്പോഴൊക്കെ തോന്നിയാലും അത് പുറത്ത് വെളിപ്പെടുത്താൻ പിതൃഅബോധം അയാളെ അനുവദിക്കുന്നില്ല. ഈ ജൈവപ്രക്രിയ എന്ന് അയാൾ കരുതുന്ന, അല്ലെങ്കിൽ അയാൾക്ക് പാരമ്പര്യമായി കൈവന്ന, അയാൾ കൈമാറാൻ ആഗ്രഹിക്കുന്ന സംവാഹകത്വം കുടുംബനാഥനിലൂടെ കുടുംബവ്യവസ്ഥയെ ഭരിക്കാൻ സഹായിക്കുകയും കുടുംബത്തിനകത്ത് ആന്തരികകോളനി നിർമിക്കുകയും ചെയ്യുന്ന 'അച്ഛന്റെ അധികാരം' (patria protestas) എന്ന റോമൻ നിയമസങ്കല്പമാണ്. പാട്രിയാർക്കൽ കുടുംബത്തിന്റെ വേരുകൾ സ്ഥിതിചെയ്യുന്നത് അവിടെയാണ്. ആ നിയമപ്രകാരം കുടുംബത്തിലെ ഏറ്റവും മുതിർന്ന പുരുഷൻ സമ്പൂർണ അധികാരിയായിരിക്കും; ഇളയ പുരുഷൻമാരും മുഴുവൻ സ്ത്രീകളും കുട്ടികളും ജോലിക്കാരും ഒക്കെ അടങ്ങുന്നവരുടെ മേൽ കുടുംബനാഥനുള്ള അധികാരം നിരുപാധികമായിരിക്കും

ദ കിങ്ങ് (1985 രഞ്ജി പണിക്കർ, ഷാജി കൈലാസ്) എന്ന സിനിമയിൽ പ്രത്യക്ഷപ്പെട്ട തേവള്ളിപ്പറമ്പിൽ ജോസഫ് അലക്സ് മഹായാനത്തിലെ ആണിന്റെ അമ്മാവൻ ആയിരുന്നു.

'മേലിൽ ഒരാണിന്റെയും മുഖത്തിനു നേർക്കുയരില്ല നിന്റെ കയ്യ്, അതെനിക്കറിയാഞ്ഞിട്ടല്ല. നീ ഒരു പെണ്ണായിപ്പോയി, വെറും പെണ്ണ്' എന്നാണ് ആ ആൺഭാഷണം.

ഇതിനകം പലകുറി അവർത്തിക്കപ്പെട്ട നരസിംഹത്തിലെ നായകന്റെ 'വെള്ളമടിച്ച് കോൺ തിരിഞ്ഞ് പാതിരാക്ക് വീട്ടിൽ വന്നുകേറുമ്പോ ചെരിപ്പൂരി കാലുമടക്കി ചുമ്മാ തൊഴിക്കാനും തുലാവർഷ രാത്രികളിൽ ഒരു പുതപ്പിനടിയിൽ സ്നേഹിക്കാനും എന്റെ കുഞ്ഞുങ്ങളെ പെറ്റുപോറ്റാനും ഒടുവിലൊരുനാൾ വടിയായി തെക്കേപറമ്പിലെ പുളിയൻമാവിന്റെ വിറകിനടിയിൽ എരിഞ്ഞു തീരുമ്പോ നെഞ്ചു തല്ലിക്കരയാനും എനിക്ക് ഒരു പെണ്ണിനെ വേണം' എന്നാണ് അതിലെ ഇന്ദുചൂഡന്റെ മോഹം.

സ്വന്തമെവിടെ ബന്ധമെവിടെ എന്ന സിനിമ ഇറങ്ങുന്നത് 1984-ലാണ്. അച്ഛനും അമ്മയും രണ്ട് ആൺമക്കളും സന്തോഷത്തോടെ കഴിയുന്ന കുടുംബത്തിലേക്ക് അവരുടെ ഭാര്യമാർ വന്ന ശേഷ

ഉണ്ടാക്കുന്ന പ്രശ്നങ്ങളാണ് സിനിമ പറയുന്നത്. അവസാനം നായകൻ കെട്ടിയവളെ തല്ലുന്നതോടെ അവൾ കുഴപ്പങ്ങളൊക്കെ നിർത്തി നല്ല പെണ്ണായി പ്രശ്നങ്ങളൊക്കെ തീർന്ന് കുടുംബം സന്തോഷമായി ജീവിക്കുന്നു. ഭർത്താവിൽ നിന്നും ഇടയ്ക്കൊരു തല്ല് വാങ്ങുന്നത് പെണ്ണിന് സന്തോഷകരമാണ് എന്ന മട്ടിലായിരുന്നു ഈ ചിത്രത്തിന്റെ പരസ്യവും എന്നതാണ് രസം. സിനിമ കഴിഞ്ഞിറങ്ങുന്ന രണ്ടു സ്ത്രീകളുടെ സംഭാഷണം എന്ന രീതിയിലായിരുന്നു അത്. സംവിധായകൻ ശശികുമാർ 1965-ൽ 'തൊമ്മന്റെ മക്കൾ' എന്ന പേരിൽ ചെയ്ത സിനിമ വീണ്ടും അദ്ദേഹം തന്നെ മാറ്റി 'സ്വന്തമെവിടെ ബന്ധമെവിടെ' എന്ന ചിത്രമായി എടുക്കുകയായിരുന്നു.

1993-ൽ പുറത്തിറങ്ങിയ 'വെങ്കലം' എന്ന സിനിമയിൽ ഭാര്യയെ സംശയിച്ച് ഉപേക്ഷിച്ച ഭർത്താവ് ഒടുവിൽ കാര്യങ്ങളൊക്കെ മനസ്സിലാക്കി കുറ്റബോധത്തോടെ ഭാര്യയെ കണ്ടുമുട്ടുമ്പോൾ ആദ്യം ചെയ്യുന്നത് മുഖമടക്കി കെട്ടിയവളെ ഒന്ന് കൊടുക്കുകയാണ്. ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന സ്ത്രീവിരുദ്ധ ഡയലോഗുകൾ ഉള്ള. പിന്നീട് വന്ന തമ്പുരാൻ സീരിസ് സിനിമകളിലും അക്കാലത്തിറങ്ങിയ മിക്ക മാർക്കറ്റ് സിനിമകളിലും പറയുന്നത് കൈക്കരുത്ത് കൊണ്ടും നാക്കിന്റെ ബലം കൊണ്ടും അടക്കി നിർത്താനും 'നേർവഴി'ക്ക് കൊണ്ടുവരാനും കഴിയുന്ന ഒരു സംഗതിയാണ് പെണ്ണ് എന്നാണ്.

ഈ സിനിമകളിൽ മിക്കതിലും കല്യാണം കഴിച്ചയക്കാനുള്ള പെൺകുട്ടികളുടെ സൂക്ഷിപ്പുകാരും അവരുടെ ഉടമ എന്ന നിലയിൽ ഭാവന ചെയ്തെടുത്തവരും രക്ഷിതാക്കളുമൊക്കെയാണ് ആൺ കഥാപാത്രങ്ങൾ. അമ്മാവൻമാരും സഹോദരൻമാരും അച്ഛൻമാരും ഭർത്താക്കൻമാരുമൊക്കെയായ ഈ പെണ്ണുടമസ്ഥർ പെൺകുട്ടികൾക്ക് അവരുടെ ശരീരത്തിൻമേലും മനസ്സിൻമേലുള്ള സ്വയംനിർണയാവകാശത്തെ മാനിക്കാൻ മാത്രം പാകപ്പെട്ടവരല്ല എന്നു മാത്രമല്ല തറവാടില്ലത്ത് അടുക്കള ഉപകരണങ്ങൾക്കും തന്റെ മറ്റ് സ്വത്തുക്കൾക്കും കൂട്ടത്തിൽ ചേർത്തു വെക്കാനും ദാനം ചെയ്യാനുമൊക്കെയുള്ള ഒരു വസ്തുവായെ പെണ്ണിനെ കാണുന്നുള്ളൂ.

തുടക്കകാലം മുതലുള്ള നമ്മുടെ നായികാ സങ്കല്പങ്ങൾ ഒക്കെയും 'ധീരോദാത്തനതിപ്രതാപഗുണവാൻ' ആയ നായകന്റെ ചെയ്തികൾക്ക് തിളക്കം കൂട്ടാനുള്ള ഒരു കഥാപാത്രം മാത്രമാണ്. അവന്റെ പ്രണയത്തിൽ ഉരുകിപ്പോകുന്ന, അവന്റെ സ്നേഹത്തിനായി കാത്തിരിക്കുന്ന സർവ്വ ദുർഘടങ്ങളിലും അവന്റെ പൗരുഷം

കൊണ്ട് കാക്കപ്പെടുന്ന പെണ്ണ്. ആദ്യമൊക്കെ ഇത്തിരി കുറുമ്പും തന്റേടവും കാട്ടുമെങ്കിലും നായകൻ തന്നിലേക്ക് അനുരക്തയാകുന്നതോടെ അവൾ പിന്നെ അവന്റെ വിനീതയായ പെണ്ണ് മാത്രമാകുന്നു. അവൾക്ക് പ്രിയപ്പെട്ടവരെ മാത്രമല്ല വ്യക്തിത്വം പോലും അവന് വേണ്ടി തൃജിച്ചു കളയുമ്പോൾ ആണ് ഉത്തമയായ നായിക ആയി മാറുന്നത്.

കൻമദം പോലുള്ള സിനിമകളും പുതിയ കാലത്തെ ധാരാളം സിനിമകളിലും ഇങ്ങനെ പുല്ലിംഗത്തിന്റെ ഫണം വിടർത്തിയാടി ആത്യന്തികമായി പെണ്ണ് കീഴടക്കപ്പെടേണ്ട ഒന്നാണെന്ന കാഴ്ചപ്പാടായിരുന്നു അവയുടെത്. ആറാം തമ്പുരാൻ, രാവണപ്രഭു തുടങ്ങിയ ഉൽസവം നടത്തി സിനിമകളിലെ പൗരുഷഭാവനയും സ്ത്രൈണതയും പരിശോധിച്ചാൽ ആക്രാമകത്തിനും പൗരുഷത്തിന്റെ പത്തികൾക്കും കീഴെ നിഴലായി നിൽക്കുന്ന കെട്ടിലമ്മയുടെ പുതിയ രൂപങ്ങളെ കാണാം.

*ചില സാമ്പിളുകൾ ഇതാ:*

മാഡം, പീടിക പൂട്ടാത്തതിനെന്താ, ആരും ഒന്നും എടുത്തു കൊണ്ടു പോവില്ലല്ലോ എന്നു പറയുകയായിരുന്നു മലയാളീസ് (എഎസ്പി മാം പാന്റിന്റെ സിബ് ഇടാത്തതിനെ സംബന്ധിച്ച്). 'മന്ത്രിമാർക്ക് ആവാം എങ്കിൽ ആർക്കുമാവാം. നിന്റെയൊക്കെ സർവീസ് രേഖയിൽ അവന്റെയൊക്കെ മുകളിലുള്ളവന്റെ തന്തയുണ്ടാക്കിയ നിയമം. നൂറു കൂട്ടം നിയമങ്ങൾ വേറെ. സിഗരറ്റ് വലിക്കരുത്. കള്ളു കുടിക്കരുത്. സ്വന്തം ഭാര്യയുടെ ഗർഭപാത്രത്തിൽ ഗർഭമുൽപ്പാദിപ്പിക്കരുത്.' അയാൾ അവസാനം എഎസ്പി മാഡത്തെ കാറിനു മേൽ കമഴ്ത്തിപ്പിടിച്ച് ചെവിയിൽ പറയുന്നു: 'നിന്നെ ഇങ്ങനെ ചേർത്ത് വെച്ച് ഒരു പൂശ് പൂശ്യാലുണ്ടല്ലോ എന്ന് പറയാനല്ല മായാ മേരി കൃര്യൻ!, സിബ്ബിട്! സിബ്ബിടെടി!'

പ്രജ എന്നത് സമാനകാലത്തും അതിനു തൊട്ടു മുമ്പും ഇറങ്ങിയ കുറെ സിനിമകളുടെ ഒരു സാമ്പിൾ മാത്രമാണ്. പെണ്ണിനെ അവളുടെ ശരീരത്തിന്റെ പരിമിതികൾ ഓർമിപ്പിച്ചു കൊണ്ട് ഇല്ലാതാക്കുന്ന പരമ്പരകൾ തന്നെ മലയാളത്തിലിറങ്ങിയിട്ടുണ്ട്. സ്ത്രീ എന്ന ശരീരവസ്തു ഒരു തെറിയായും, ജൈവികമായ അതിന്റെ ആവിഷ്കാരങ്ങളിൽ പരിമിതപ്പെട്ടു പോവുന്ന തരം കീഴാളതയായും മലയാളി മസ്കലിൻ അബോധങ്ങൾ എഴുതിയ ധാരാളം സംഭാഷണ ശകലങ്ങൾ കൊണ്ടും ദൃശ്യങ്ങൾ കൊണ്ടും ശബളമായിരുന്നു ഈ കാറ്റഗറി സിനിമകൾ.

അത് പഴയ മണിപ്രവാള ജീവിതദർശനത്തിന്റെ ഒരു തുടർച്ചയായും ആധുനികതക്കു ശേഷം പൗരുഷലിംഗത്തിന്റ പത്തി വിടർത്തിയാടലായും വളർന്നു. സിനിമ തന്നെ നിർമിച്ചെടുത്ത സ്ത്രൈണ വിരുദ്ധത സിനിമയെ തന്നെ വിഴുങ്ങുന്ന തരത്തിൽ അതിന്റ ഭാവുകത്വം അറുപഴഞ്ചനും ക്ലീഷേകളുമായി അനുഭൂതി ജീവിതത്തിൽ ഭാരമായി തിടം വെച്ചു എന്നു പറയേണ്ടി വരും.

പാട്രിയാർക്കിയിൽ മറ്റുള്ളവർ അനിവാര്യമായും അധഃസ്ഥിതരാണെന്നു നരവംശ ശാസ്ത്രകാരൻമാർ അഭിപ്രായപ്പെടുന്നു. സമൂഹദൃഷ്ടിയിൽ കാണപ്പെടുന്ന ഫെമിനിറ്റിയുടെ പ്രതിരൂപങ്ങൾ പാട്രിയാർക്കിയുടെ സൗകര്യങ്ങൾക്കനുസരിച്ചും അതിനെ സംബന്ധിച്ചുള്ള വിധേയത്തവും ഭീതിയും മാത്രമേ ആഗ്രഹിക്കുന്നുള്ളു. എന്നു പറഞ്ഞാൽ പുരുഷൻ എന്നതാണ് മാനുഷികമായ സാമാന്യതത്ത്വം (Human Norm), അതിൽനിന്ന് 'അപരവും' ഭിന്നവുമായിട്ടുള്ളതുമെല്ലാം ഫെമിനിറ്റിയാണ്.

ഫൂക്കോയുടെ രീതിശാസ്ത്രം പിൻപറ്റിക്കൊണ്ട് എപ്രകാരമാണ് സമൂഹം ആൺ-പെൺ ലിംഗ പദവികളെ ഉല്പാദിപ്പിക്കുന്നത് എന്ന് ജൂഡിത് ബട്ലർ വിശദീകരിക്കുന്നുണ്ട്. ലിംഗ പദവികൾ അയഥാർത്ഥമാണെന്നും ശരീരങ്ങളുടെ മേൽ പ്രയോഗിതമാകുന്ന കൊത്തുപണികളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന രണ്ടു തരം ആത്മബോധങ്ങൾ മാത്രമാണ് ആൺ പെൺ ലിംഗപദവികൾ എന്നും ബട്ലർ കാട്ടിത്തരുന്നു. ലിംഗപദവിയുടെ ഈ കൈവരിക്കലിനെയാണ് ലിംഗപദവി നാട്യമാണ് എന്ന നിരീക്ഷണത്തിലേക്ക് നയിച്ചത്. ശിശു ശരീരങ്ങളിൽ തന്നെ സമൂഹം ഈ കൊത്തുപണികൾ നിർവഹിക്കുന്നുണ്ട്. ലിംഗസ്വത്വ നിർമിതിയുടെ ആദ്യപടവുകൾ അവിടെ തന്നെ ആരംഭിക്കുന്നു. ആടയാഭരണങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയവയുടെ തിരെഞ്ഞെടുപ്പ് ഉദാഹരണം. കമ്മൽ, പൊട്ട് തുടങ്ങിയവ പെൺകുട്ടികൾക്കും ട്രൗസർ, ബനിയൻ തുടങ്ങിയവ ആൺകുട്ടികൾക്കും തെരഞ്ഞെടുക്കുന്നത് ഉദാഹരണം.

ആൺകുട്ടികൾക്ക് മസിൽ, ചങ്കൂറ്റം, കൂസലില്ലായ്മ, ആജ്ഞ, യുക്തി, കൈയ്യൂക്ക് തുടങ്ങിയ മനോഭാവങ്ങളും പെൺകുട്ടികൾക്ക് ക്ഷമ, സഹിഷ്ണുത, മൃദുലത, കാരുണ്യം, കീഴ്പ്പെടൽ തുടങ്ങിയവയും പരിശീലിപ്പിക്കപ്പെടുന്നു. കാലക്രമേണ ആ ലിംഗ പദവികൾ കീഴ്പ്പെടുത്തലിലേക്കും കീഴടങ്ങലിലേക്കും വളരുന്നു. മുടി വളർത്തിയും കമ്മലും ഫ്രോക്കും അണിയിച്ചുള്ള ബാഹ്യ ബോധങ്ങൾ പെൺശരീരങ്ങളിൽ എഴുതപ്പെടുന്നതോടൊപ്പം മേൽ സൂചി

പ്പിച്ച ഗുണങ്ങളും രേഖപ്പെടുത്തപ്പെടുന്ന പ്രതലങ്ങളായി പെണ്ണു ടലുകൾ മാറുന്നുണ്ട്.

ഇങ്ങനെ എഴുതപ്പെടുന്ന ലിംഗ പദവികൾ വഹിച്ച ആൺ പെൺ സ്വത്വഭാവനകളുടെ നടനമാടലിനെയാണ് നമ്മുടെ അനുഭവ ഭാവനകളും ഏറ്റെടുക്കുന്നതും വളർത്തുന്നതും. ശൈശവകാലത്തെ ആനന്ദപൂർണമായ ഉടലനുഭവങ്ങളിൽ നിന്ന് അടർത്തിമാറ്റപ്പെട്ട് മനുഷ്യർ ചിഹ്നവ്യവസ്ഥകളിലേക്ക് എടുത്തെറിയപ്പെടുന്നതോടുകൂടിയാണ് ലിംഗപദവികൾ സംജാതമാകുന്നത്. ലൈംഗികാവയവത്തെ ആധാരമാക്കി നിർണയിക്കപ്പെടുന്ന ലിംഗപദവികൾ പക്ഷപാതപരമായി തീരുന്നു. പുരുഷലിംഗം കരുത്തിന്റെയും യുക്തിയുടെയും അധികാരത്തിന്റെയും പ്രതീകമായി കരുതപ്പെടുന്നതിനാൽ അത് പേറുന്നവർക്ക് മേൽക്കോയ്മ ലഭിക്കുകയും അവർ സ്വത്വപദവി നേടി ആദരിക്കപ്പെടുകയും ചെയ്യുന്നു. ലിംഗച്ഛേദം ചെയ്യപ്പെട്ടവരായി ചിത്രീകരിക്കപ്പെടുന്ന സ്ത്രീകൾ കരുത്തും യുക്തിയും നഷ്ടപ്പെടുന്ന വെറും ശരീരങ്ങളായി താഴ്ത്തി മതിക്കപ്പെടുന്നു". (ശരീരം- എബി കോശി)

മേൽ ചർച്ചക്കെടുത്ത മഹായാനം എന്ന സിനിമയിലെ ചന്ദ്രു അടക്കമുള്ള മിക്ക കഥാപാത്രങ്ങളും ലക്ഷണമൊത്ത പൗരുഷം തികവേറ്റിയവർ മാത്രമല്ല ശരാശരി മലയാളി പുരുഷൻ എന്ന പ്രിവിലേജിനകത്ത് നിലകൊള്ളുന്നവരും പെണ്ണുമായി ലിംഗപദവിയിൽ അധിഷ്ഠിതമായ അധികാര ബന്ധങ്ങൾ സൂക്ഷിക്കുന്നവരും ഉടമ ബോധം സഹജാവബോധം പോലെ കൊണ്ടു നടക്കുന്നവരുമാണ്. പെണ്ണായാൽ ലിംഗപദവിയിൽ കീഴെനിൽക്കുന്ന ചില ഗുണങ്ങൾ അവർക്കുണ്ടാവേണ്ടതുണ്ട് എന്ന് അബോധത്തിൽ ആഗ്രഹിക്കുകയും അത് ആവശ്യപ്പെടുകയും ചെയ്യുന്ന മലയാളികുടുംബ സമൂഹം നിർമ്മിച്ചെടുത്ത ആണിന്റെ മിക്ക സവിശേഷതകളും ഇവർ വഹിക്കുന്നുണ്ട്. ഇവരുടെ ശരീരഭാഷ, ഭാഷണം, ഇടപെടൽ, സാമൂഹികബോധം തുടങ്ങിയവയിലെല്ലാം ഇത് പ്രകടമാണുതാനും. പെരിബലമുള്ള പുരുഷൻമാർ എന്ന സങ്കൽപം കൂടി ഇഴചേർത്താണ് ചന്ദ്രുവിനെ ഭാവന ചെയ്യുന്നത്. ലൈംഗികമായി മാത്രമല്ല ചന്ദ്രു എന്ന പുരുഷൻ പെണ്ണിനെ കീഴിൽ ആക്കുന്നത്. ശാരീരികമായുള്ള ഒരു മെരുക്കൽ കൂടി അവിടെ സംഭവിക്കുന്നുണ്ട്.

മീനാ ടി. പിള്ള മലയാളത്തിലെ ഫ്യൂഡൽ ആണത്തങ്ങളെപ്പറ്റി ഇങ്ങനെ നിരീക്ഷിക്കുന്നു. ഫ്യൂഡൽകാലത്തെ അനുകരിച്ച ഇല്ലങ്ങളും മനകളും അടക്കമുള്ള വാസ്തുശൈലികളും സൗന്ദര്യശാസ്ത്രങ്ങളും മലയാളികളുടെ ജനകീയഭാവനയെ പിടിച്ചടക്കി. ഇതിലെ പല സിനിമകളിലും അവഗണിക്കപ്പെടുകയോ അല്ലെങ്കിൽ വേണ്ടത്ര പ്രതാപങ്ങളില്ലാതെ നടത്തുകയോ ചെയ്യുന്ന ക്ഷേത്രോൽസവങ്ങൾക്ക് വീണ്ടും ഉണർവേകാൻ പൊടുന്നനെ പുതിയ മിശിഹാമാരെത്തുന്നു. ഇക്കാലത്ത് ആണത്തം മലയാള സിനിമയിൽ ഒരു മതമായി മാറി. നായകൻ രക്ഷകനാകുന്നു. ക്ഷേത്രങ്ങളുടെയും പള്ളികളുടെയും വിശുദ്ധിയും തുടർച്ചയും സംരക്ഷിക്കാനും എല്ലാവരെയും കാത്തുരക്ഷിക്കാനും അയയ്ക്കപ്പെട്ട അവതാരമാകുന്നു അയാൾ.

വാസ്തവത്തിൽ മനുഷ്യശരീരത്തിന്റെ പരിമിതികളെ മറികടക്കാനും ദൈവമായി മാറാനും ശ്രമിച്ച നായകൻമാരായിരുന്നു ഇവരെല്ലാം (രാവണപ്രഭു, നരസിംഹം). മിതവാക്കായ, സംയമിയായ മുൻകാല ആണത്തങ്ങൾ വന്യമായ ആൺ കാമനോർജത്താൽ പകരംവയ്ക്കപ്പെട്ടതും ഇക്കാലത്താണ്. വിവേകവും ആത്മനിയന്ത്രണവും കൈമുതലായ സംസ്കാരസമ്പന്നമായ ആണത്തമെന്ന നേരത്തെയുള്ള സങ്കൽപം അധീശത്വ ആണത്തത്താൽ പകരംവയ്ക്കപ്പെട്ടു. പൗരുഷത്വവും അക്രമാസക്തമായ വന്യവികാരങ്ങളും മാതൃകാപുരുഷന് ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായി. ഹിംസയുടെയും ലൈംഗികതയുടെയും ചേരുവയായി ആണത്തത്തെക്കുറിച്ചുള്ള ജനപ്രിയ മാതൃക.

മറ്റൊരു തരത്തിൽ പറഞ്ഞാൽ 1978-ലെ അടൂർ ഗോപാലകൃഷ്ണന്റെ 'കൊടിയേറ്റ'ത്തിൽ നിന്ന് തൊണ്ണൂറുകളിലെ രഞ്ജിത്ത് സിനിമകളിലെ ഉത്സവങ്ങളിലേക്കുള്ള കുടിയേറ്റം കമ്പോള സമ്പദ്‌വ്യവസ്ഥകളുടെ ആൺ കോയ്മകളിലേക്കുള്ള കുടിയേറ്റം കൂടിയാണ്.'

പാട്രിയാർക്കിയുടെ ഇതേവരെ വിശദീകരിക്കപ്പെട്ട ഓരോ വശവും സ്ത്രീപുരുഷ മനസ്സുകളിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. അതിന്റെ അന്തിമഫലം ലൈംഗിക രാഷ്ട്രീയം രണ്ടു ലിംഗങ്ങളിലും ഒരേപോലെ ആന്തരവൽക്കരിക്കപ്പെടുന്നു എന്നതാണ്. ലൈംഗികത ഒരു കുറ്റമാണെന്ന പാട്രിയാർക്കൽ വിശ്വാസം സ്ത്രീയിലാണ് കൂടുതൽ ആഘാതമുണ്ടാക്കുന്നത്. അത് സ്ത്രീ ലൈംഗികോപകരണം മാത്രമാണെന്ന ധാരണയിലേക്ക്, സ്ത്രീയുടെ വസ്തുവൽക്കരണത്തിലേക്ക് നയിക്കുന്നു.

സമൂഹത്തിലെ വിശ്വാസങ്ങളും പ്രത്യയശാസ്ത്രവും പാരമ്പര്യവും എല്ലാം ചേർന്ന് അഹംബോധത്തിലുണ്ടാവുന്ന ആഘാത